**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4219 — 12.11.2019-ലെ മറുപടിയ്ക്ക്

## <u>എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | നീന്തൽ വശമില്ലാത്തതിനാൽ ജലാശയങ്ങളിലെ ഒഴുക്കിൽപ്പെട്ട് കുട്ടികൾ ഉൾപ്പെടെയുള്ളവർ അകാലത്തിൽ മരണമടയുന്നതിന്റെ തോത് സംസ്ഥാനത്ത് കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുന്നതിന് കായിക വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി), (സി), & (ഡി) | ജലാശയ അപകടങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നതിന്റെ തോത് കുറയ്ക്കുന്നതിനായി 12 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികളെ ദേശീയ/അന്തർദേശീയ തലത്തിലുള്ള കായിക താരങ്ങളാക്കുന്നതിന് വിഭാവനം ചെയ്ത് ഉയർന്ന നിലവാരത്തിലുള്ള നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഇത് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് (കൊപ്പം സ്വിമ്മിംഗ്പൂൾ പട്ടാമ്പി), ഇടുക്കി (വണ്ടമറ്റം സ്വിമ്മിംഗ് പൂൾ, തൊടുപുഴ), തൃശ്ശൂർ (ജെ.ജെ. അക്വാട്ടിക് സെന്റർ, കൊടുങ്ങല്ലൂർ), കാസർഗോഡ് (പനവയൽ സ്വിമ്മിംഗ് പൂൾ, തൃക്കരിപ്പൂർ), വയനാട് (സെന്റ് ജോസഫ് എച്ച്.എസ്.എസ്. സ്വിമ്മിംഗ് പൂൾ, സുൽത്താൻബത്തേരി എന്നിവിടങ്ങളിലാണ് നടപ്പിലാക്കുന്നത്<br><br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് |
| (സി) | സ്കൂളിലും കോളേജിലും സ്പോർട്സ് കൗൺസിലിന്റെയും മറ്റിതര സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും യുവജനങ്ങൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | | |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഇതിനായി പദ്ധതി തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ? | | കൗൺസിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പും ജില്ലാ സ്പോർട്സ് അക്കാഡമിയിലെ വിദ്യാർത്ഥികൾക്ക് വിദഗ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനവും നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നീന്തൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശീലകർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്ലസ് വൺ, കോളേജ് അഡ്മിഷന് 2% ഇന്റക്സ് മാർക്ക് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന അനുവദിച്ചു വരുന്നുണ്ട്.<br><br>ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു നീന്തൽകുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. നീന്തൽ പഠനം കരിക്കുലം പരിഷ്കരിക്കുമ്പോൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**